# ഒരു പക്ഷിയുടെ ചിത്രമെഴുതാൻ

ഷാക് പ്രെവേർ (Jaques  Prevert) (1900-1970) എന്ന

ഫ്രഞ്ച് കവിയുടെ “Pour faire le portrait d’un oiseau”

എന്ന   കവിതയുടെ വിവർത്തനം

വിവ: മാടശ്ശേരി നീലകണ്ഠൻ

ആദ്യം കതക് തുറന്നു കിടക്കുന്ന
ഒരു കൂടിന്റെ ചിത്രമെഴുതുക.
പിന്നീട്, ഭംഗിയുള്ള,
ലളിതമായ
സുന്ദരമായ
എന്തെങ്കിലുമൊന്ന്,
പക്ഷിക്ക് ഉപയോഗപ്പെടുന്നത്,
ചിത്രത്തിൽ ചേർക്കുക.
പിന്നെ ആ ക്യാൻവാസ്
ഒരുദ്യാനത്തിലോ കാട്ടിലോ
വൻ വനത്തിലോ ഉള്ള
ഒരു മരത്തിൽ ചാരി വയ്ക്കുക
ഒന്നും പറയാതെ
അനങ്ങാതെ...
ആ മരത്തിന്റെ പിന്നിൽ
ഒളിച്ചുനില്ക്കുക
ചിലപ്പോൾ പക്ഷി വേഗം വരും
പക്ഷെ ആ തീരുമാനത്തിൽ
എത്തുന്നതിനുമുമ്പ്

അത്  വർഷങ്ങൾ എടുക്കാനും
അത്രതന്നെയുണ്ട് സാദ്ധ്യത.
നിരാശപ്പെടല്ലേ
കാത്തുനില്ക്കൂ
വേണ്ടി വന്നാൽ വർഷങ്ങളോളം
കാത്തുനില്ക്കൂ
പക്ഷിയുടെ വരവിന്റെ വേഗതയ്ക്കോ
വന്നുതുടങ്ങാനുള്ള അമാന്തത്തിനോ
ചിത്രത്തിന്റെ വിജയവുമായി
ഒരു ബന്ധവുമില്ല.
പക്ഷി വരുമ്പോൾ -
അത് വരുന്നുണ്ടെങ്കിൽ -
ഏറ്റവും ഗാഢ മായ മൗനം പാലിക്കുക
പക്ഷി കൂട്ടിൽ കയറാൻ കാത്തിരിക്കുക
കയറിക്കഴിഞ്ഞാൽ
ബ്രഷ് കൊണ്ട് കൂടിന്റെ കതക് മന്ദം അടയ്ക്കുക
പിന്നീട്
ഓരോ അഴിയും ചായം തേച്ച് മായ്ച്ചു കളയുക,
പക്ഷിയുടെ ഒരു തൂവലിലും  തൊടാതെ.
പിന്നീട് വൃക്ഷത്തിന്റെ ചിത്രമെഴുതുക
അതിന്റെ ഏറ്റവും സുന്ദരമായ
ശാഖയാകട്ടെ പക്ഷിയുടേത്
അതുപോലെ, പച്ചയിലകളും പുത്തൻ ഇളംകാറ്റും
സൂര്യന്റെ തിളക്കവും
വേനലിന്റെ ചൂടിൽ ചീവീടുകളുടെ ശബ്ദവും
ചിത്രത്തിലെഴുതിച്ചേർക്കുക
എന്നിട്ട്, പക്ഷി പാടാൻ തീരുമാനിക്കുന്നതുവരെ
കാത്തുനില്ക്കുക

പക്ഷി പാടുന്നില്ലെങ്കിൽ

അത് ഒരു ചീത്ത ചിഹ്നമാണ്

ചിത്രം നല്ലതല്ല എന്ന ചിഹ്നം

എന്നാൽ അത് പാടുന്നെങ്കിൽ, അതൊരു നല്ല ചിഹ്നം

നിങ്ങൾക്ക് ചിത്രത്തിൽ കയ്യൊപ്പ് ചാർത്താം എന്ന ചിഹ്നം

p